**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6829** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലാ കളക്ടറേറ്റിലേക്ക് അയച്ച പട്ടയങ്ങൾക്ക് അംഗീകാരം നൽകാത്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിൽ നിന്നും പട്ടയ നടപടികൾ പൂർത്തീകരിച്ച് തൊടുപുഴ ലാൻഡ് അസസ്മെന്റ് കമ്മിറ്റി പാസാക്കി അംഗീകാരത്തിനായി ഇടുക്കി ജില്ലാ കളക്ടറേറ്റിലേക്ക് അയച്ച 500 ൽ അധികം പട്ടയങ്ങൾക്ക് അംഗീകാരം നൽകാത്ത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അർഹതപ്പെട്ടവർക്ക് പട്ടയം വിതരണം ചെയ്യാൻ അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (എ) | 02.06.2020 ലെ സ.ഉ.(സാധാ) നം. 2020/2020/റവ പ്രകാരം ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ റവന്യൂ രേഖകളിൽ പുരയിടം, തരിശ്, നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതിചെയ്യുന്നതുമായ ഭൂമി കൈവശം വച്ചിരിക്കുന്ന സംഗതികളിൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികൾക്കു പതിച്ചു നല്കുന്നതിന് അനുമതി നല്കിയിരുന്നു.<br><br>ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഭൂമി പതിവ് ഓഫീസിൽ നിന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഉടുമ്പന്നൂർ വെള്ളിയാമറ്റം വില്ലേജുകളിലായി തൊടുപുഴ താലൂക്ക് ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ചിരുന്ന 941 കേസുകളിൽ 934 പതിവ് ഫയലുകളിൽ നിലവിൽ പട്ടയം അനുവദിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള താലൂക്ക് ഭൂമി പതിവ് കമ്മിറ്റി 530 കേസുകൾ അംഗീകരിച്ച് ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 02.06.2020 ലെ സ.ഉ.(സാധാ) നം. 2020/2020/റവ പ്രകാരം പതിവിന് അർഹമായ ഭൂമികളിൽ പട്ടയ നടപടികൾ തുടരുന്നതിനു ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. എന്നാൽ റവന്യൂ രേഖകളിലെ റിമാർക്സ് കോളത്തിൽ റിസർവ് വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പതിച്ചു നൽകാൻ കഴിയുമോ എന്ന് ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അഭിപ്രായം ലഭിച്ചു കഴിഞ്ഞാൽ ജില്ലാ കളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകി പ്രശ്നം പരിഹരിക്കും. |

സെക്ഷൻ ഓഫീസർ